# CHAPTER - 6

## Mass Movement for Freedom (സ്വാതന്ത്ര്യത്തിനായുള്ള ബഹുജന മുന്നേറ്റം)

This unit explores how Mahatma Gandhi transformed the Indian freedom struggle into a mass movement involving all sections of society.

### 1. Early Local Movements (ആദ്യകാല പ്രാദേശിക സമരങ്ങൾ)

Before launching national movements, Gandhiji intervened in local issues to test his ideology of Satyagraha.

- **Champaran Satyagraha (1917):** Gandhiji fought for indigo cultivators in Bihar who were exploited by European planters. A commission was appointed, and the peasants' grievances were resolved.

  **ചമ്പാരൻ സത്യാഗ്രഹം (1917):** ബീഹാറിലെ യൂറോപ്യൻ പ്ലാന്ററർമാർ ചൂഷണം ചെയ്തിരുന്ന നീലം കർഷകർക്ക് വേണ്ടി ഗാന്ധിജി പോരാടി. ഇതിനായി ഒരു കമ്മീഷനെ നിയമിക്കുകയും കർഷകരുടെ പരാതികൾ പരിഹരിക്കുകയും ചെയ്തു.

- **Ahmedabad Cotton Mill Strike (1918):** He led a strike for textile mill workers demanding a wage hike. After his fast, the wages were increased.

  **അഹമ്മദാബാദ് തുണിമിൽ സമരം (1918):** വേതന വർദ്ധനവ് ആവശ്യപ്പെട്ട് തുണിമിൽ തൊഴിലാളികൾ നടത്തിയ സമരത്തിന് അദ്ദേഹം നേതൃത്വം നൽകി. അദ്ദേഹത്തിന്റെ ഉപവാസത്തെത്തുടർന്ന് തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചു.

- **Kheda Satyagraha (1918):** He supported peasants in Gujarat who couldn't pay taxes due to crop failure. The government eventually granted tax remission.

  **ഖേഡ സത്യാഗ്രഹം (1918):** വിളനാശം മൂലം നികുതി അടയ്ക്കാൻ കഴിയാതിരുന്ന ഗുജറാത്തിലെ കർഷകരെ അദ്ദേഹം പിന്തുണച്ചു. ഒടുവിൽ സർക്കാർ നികുതി ഇളവ് അനുവദിച്ചു.

### 2. Impact of World War I (ഒന്നാം ലോകമഹായുദ്ധത്തിന്റെ ആഘാതം)

The war (1914–1918) created severe hardships in India, setting the stage for national unrest.

- **Economic Burden:** Additional wartime taxes were levied on Indians.

  **സാമ്പത്തിക ബാധ്യത:** ഇന്ത്യക്കാരുടെ മേൽ അധിക യുദ്ധനികുതികൾ ചുമത്തി.

- **Food Shortage:** Export of food grains for soldiers led to severe famine and food scarcity.

  **ഭക്ഷ്യക്ഷാമം:** സൈനികർക്കായി ധാന്യങ്ങൾ കയറ്റുമതി ചെയ്തത് കടുത്ത ക്ഷാമത്തിനും ഭക്ഷണലഭ്യതക്കുറവിനും കാരണമായി.

- **Epidemics:** Crop losses and diseases caused the death of many people.

  **പകർച്ചവ്യാധികൾ:** വിളനാശവും രോഗങ്ങളും കാരണം നിരവധി ആളുകൾ മരണപ്പെട്ടു.

### 3. Rowlatt Act and Jallianwala Bagh (റൗലറ്റ് നിയമവും ജാലിയൻവാലാ ബാഗും)

- **Rowlatt Act (1919):** A repressive law that allowed the British to arrest anyone without a warrant and jail them without trial.

OXFORD

**റൗലറ്റ് നിയമം (1919):** വാറന്റില്ലാതെ ആരെയും അറസ്റ്റ് ചെയ്യാനും വിചാരണ കൂടാതെ ജയിലിലടയ്ക്കാനും ബ്രിട്ടീഷുകാർക്ക് അധികാരം നൽകിയ കരിനിയമം.

- **National Hartal:** Gandhiji called for a protest on April 6, 1919.

  **ദേശീയ ഹർത്താൽ:** ഈ നിയമത്തിനെതിരെ 1919 ഏപ്രിൽ 6-ന് പ്രതിഷേധിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു.

- **Jallianwala Bagh Massacre (April 13, 1919):** People gathered peacefully at Amritsar to protest the arrest of leaders Dr. Satyapal and Saifuddin Kitchlew. General Dyer ordered firing on the trapped crowd, killing hundreds.

  **ജാലിയൻവാലാ ബാഗ് കൂട്ടക്കൊല (1919 ഏപ്രിൽ 13):** നേതാക്കളായ ഡോ. സത്യപാൽ, സൈഫുദ്ദീൻ കിച്ച്‌ലു എന്നിവരുടെ അറസ്റ്റിൽ പ്രതിഷേധിച്ച് അമൃത്‌സറിൽ ഒത്തുകൂടിയ ജനക്കൂട്ടത്തിന് നേരെ ജനറൽ ഡയർ വെടിവെയ്ക്കാൻ ഉത്തരവിട്ടു. നൂറുകണക്കിന് ആളുകൾ കൊല്ലപ്പെട്ടു.

## 4. Non-Cooperation and Khilafat Movement (നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും)

Gandhiji combined the Khilafat issue (led by Muhammad Ali and Shaukat Ali) with the freedom struggle to ensure Hindu-Muslim unity.

ഹിന്ദു-മുസ്ലിം ഐക്യം ഉറപ്പാക്കുന്നതിനായി ഗാന്ധിജി ഖിലാഫത്ത് വിഷയത്തെ (മുഹമ്മദ് അലിയും ഷൗക്കത്ത് അലിയും നേതൃത്വം നൽകിയ) സ്വാതന്ത്ര്യ സമരവുമായി കൂട്ടിയോജിപ്പിച്ചു.

**Methods of Non-Cooperation (നിസ്സഹകരണ രീതികൾ):**

- Boycotting British courts, schools, and foreign goods. ബ്രിട്ടീഷ് കോടതികൾ, സ്കൂളുകൾ, വിദേശ സാധനങ്ങൾ എന്നിവ ബഹിഷ്കരിക്കുക.
- Resigning from government jobs and returning British titles. സർക്കാർ ജോലികൾ രാജിവെക്കുകയും ബ്രിട്ടീഷ് പദവികൾ തിരിച്ചുനൽകുകയും ചെയ്യുക.
- Promoting Khadi, national schools, and social harmony. ഖാദി പ്രചരിപ്പിക്കുക, ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കുക, സാമൂഹിക സൗഹാർദ്ദം വളർത്തുക.

## 5. Participation of Various Sections in Non-Cooperation Movement
## നിസ്സഹകരണ പ്രസ്ഥാനത്തിലെ വിവിധ വിഭാഗങ്ങളുടെ പങ്കാളിത്തം

| Section (വിഭാഗം) | Form of Participation (പങ്കാളിത്ത രീതി) |
|---|---|
| **Women (സ്ത്രീകൾ)** | Boycotted and burnt foreign clothes. വിദേശ വസ്ത്രങ്ങൾ ബഹിഷ്കരിക്കുകയും കത്തിക്കുകയും ചെയ്തു. |
| **Students (വിദ്യാർത്ഥികൾ)** | Left British schools and joined national institutions like Jamia Millia Islamia. ബ്രിട്ടീഷ് സ്കൂളുകൾ ഉപേക്ഷിച്ച് ജാമിയ മില്ലിയ ഇസ്ലാമിയ പോലുള്ള ദേശീയ സ്ഥാപനങ്ങളിൽ ചേർന്നു. |
| **Workers (തൊഴിലാളികൾ)** | Conducted strikes in mills and railways (e.g., Assam-Bengal Railway). മില്ലുകളിലും റെയിൽവേയിലും പണിമുടക്കുകൾ നടത്തി. |
| **Peasants (കർഷകർ)** | Formed 'Awadh Kisan Sabha'; boycotted jute to grow food crops like rice. 'അവധ് കിസാൻ സഭ' രൂപീകരിച്ചു; ചണത്തിന് പകരം നെല്ലും പരുത്തിയും കൃഷി ചെയ്തു. |
| **Tribals (ഗോത്രവർഗ്ഗക്കാർ)** | Defied restrictive British forest laws. ബ്രിട്ടീഷ് വനനിയമങ്ങൾ ലംഘിച്ചു. |

## 6. Chauri Chaura and Withdrawal (ചൗരി ചൗരയും പിൻവാങ്ങലും)

- **Incident:** On February 5, 1922, a mob set fire to a police station in Chauri Chaura (UP), killing 22 policemen.

  **സംഭവം:** 1922 ഫെബ്രുവരി 5-ന് ഉത്തർപ്രദേശിലെ ചൗരി ചൗരയിൽ പ്രക്ഷോഭകാരികൾ പോലീസ് സ്റ്റേഷൻ തീയിടുകയും 22 പോലീസുകാർ കൊല്ലപ്പെടുകയും ചെയ്തു.

- **Withdrawal:** Gandhiji stopped the movement as it turned violent, violating the principle of non-violence.

  **പിൻവാങ്ങൽ:** സമരം അക്രമാസക്തമായതോടെ അഹിംസാ സിദ്ധാന്തത്തിന് വിരുദ്ധമാണെന്ന് കണ്ട് ഗാന്ധിജി സമരം പിൻവലിച്ചു.

- **Criticism:** Many leaders like Subhas Chandra Bose criticized this as a "national calamity." Gandhiji was later arrested and sentenced to six years in prison.

  **വിമർശനം:** സുഭാഷ് ചന്ദ്രബോസിനെപ്പോലെയുള്ള നേതാക്കൾ ഇതിനെ ഒരു "ദേശീയ ദുരന്തം" എന്ന് വിശേഷിപ്പിച്ചു. തുടർന്ന് ഗാന്ധിജി അറസ്റ്റ് ചെയ്യപ്പെടുകയും ആറ് വർഷത്തെ തടവിന് ശിക്ഷിക്കപ്പെടുകയും ചെയ്തു.

## India's Freedom Struggle (1923-1930) ഇന്ത്യൻ സ്വാതന്ത്ര്യസമരം: (1923-1930)

### 1. The Swaraj Party - 1923 (സ്വരാജ് പാർട്ടി - 1923)

- **Formation:** Formed by **C.R. Das and Motilal Nehru** as a faction within the Congress. **രൂപീകരണം:** സി.ആർ. ദാസും മോത്തിലാൽ നെഹ്റുവും ചേർന്ന് കോൺഗ്രസിനുള്ളിലെ ഒരു വിഭാഗമായി ഇത് രൂപീകരിച്ചു.
- **Objective:** To enter the legislative assemblies and oppose British policies from within. **ലക്ഷ്യം:** നിയമസഭകളിൽ പ്രവേശിച്ച് അവിടെയുള്ള പ്രവർത്തനങ്ങളിലൂടെ ബ്രിട്ടീഷ് നയങ്ങളെ എതിർക്കുക.
- **Impact:** They successfully exposed the government's anti-public policies in the assemblies. **സ്വാധീനം:** ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളെ നിയമസഭകളിൽ തുറന്നുകാട്ടുന്നതിൽ അവർ വിജയിച്ചു.

### 2. Popular Agitations & Rampa Rebellion (ജനകീയ പ്രക്ഷോഭങ്ങളും റംപ സമരവും)

- **Persistence:** Even after the Non-Cooperation Movement was stopped, anti-British protests continued.

  **തുടർച്ച:** നിസ്സഹകരണ പ്രസ്ഥാനം നിർത്തിയെങ്കിലും ബ്രിട്ടീഷ് വിരുദ്ധ പ്രതിഷേധങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടർന്നു.

- **Rampa Rebellion:** Led by **Alluri Sitarama Raju** in Andhra Pradesh. Tribal people fought against restrictive forest laws and exploitation by moneylenders.

  **റംപ സമരം:** ആന്ധ്രാപ്രദേശിൽ **അല്ലൂരി സീതാരാമ രാജുവിന്റെ** നേതൃത്വത്തിൽ നടന്നു. വനനിയമങ്ങൾക്കും പണമിടപാടുകാരുടെ ചൂഷണത്തിനുമെതിരെ ഗോത്രവർഗ്ഗക്കാർ പോരാടി.

- **Outcome:** The rebellion was suppressed using military forces like the Malabar Special Police. Raju was killed during the agitation.

  **ഫലം:** മലബാർ സ്പെഷ്യൽ പോലീസ് ഉൾപ്പെടെയുള്ള സൈനിക വിഭാഗങ്ങളെ ഉപയോഗിച്ച് സമരം അടിച്ചമർത്തുകയും സീതാരാമ രാജു കൊല്ലപ്പെടുകയും ചെയ്തു.

### 3. Simon Commission & Nehru Report - 1928 (സൈമൺ കമ്മീഷനും നെഹ്റു റിപ്പോർട്ടും)

- **Simon Commission:** A British commission led by Sir John Simon to suggest constitutional reforms. It had **no Indian members**.

  **സൈമൺ കമ്മീഷൻ:** ഭരണഘടനാ പരിഷ്കാരങ്ങൾക്കായി സർ ജോൺ സൈമന്റെ നേതൃത്വത്തിൽ നിയമിച്ച കമ്മീഷൻ. ഇതിൽ **ഇന്ത്യൻ അംഗങ്ങൾ ഇല്ലായിരുന്നു**.

- **Protest:** Indians boycotted the commission with the slogan **"Simon Go Back"**. Lala Lajpat Rai died after being injured in a lathi charge.

  **പ്രതിഷേധം:** "സൈമൺ ഗോ ബാക്ക്" എന്ന മുദ്രാവാക്യവുമായി ഇന്ത്യക്കാർ കമ്മീഷനെ ബഹിഷ്കരിച്ചു. ലാത്തിചാർജിൽ പരിക്കേറ്റ് ലാൽ ലജ്പത് റായ് മരണമടഞ്ഞു.

- **Nehru Report:** Drafted by a committee led by **Motilal Nehru** as a challenge to the British claim that Indians couldn't frame a constitution.

  **നെഹ്റു റിപ്പോർട്ട്:** ഇന്ത്യക്കാർക്ക് ഭരണഘടന നിർമ്മിക്കാൻ കഴിയില്ലെന്ന ബ്രിട്ടീഷ് വെല്ലുവിളി ഏറ്റെടുത്ത് **മോത്തിലാൽ നെഹ്റുവിന്റെ** നേതൃത്വത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്.

### 4. <u>Bardoli Satyagraha - 1928 (ബർദോളി സത്യാഗ്രഹം - 1928)</u>

- **Leader:** Led by **Sardar Vallabhbhai Patel** in Gujarat.

  **നേതാവ്:** ഗുജറാത്തിലെ ബർദോളിയിൽ **സർദാർ വല്ലഭ്ഭായ് പട്ടേലാണ്** ഇതിന് നേതൃത്വം നൽകിയത്.

- **Reason:** Protest against the sudden increase in land tax by the government.

  **കാരണം:** സർക്കാർ ഭൂനികുതി വർദ്ധിപ്പിച്ചതിനെതിരെയുള്ള പ്രതിഷേധം.

  - **Patel's Instruction :** Sardar Vallabhbhai Patel encouraged the agitators to be firm. He instructed them: *"Pull your carts to pieces and keep it in different places."*

    **(പട്ടേലിന്റെ നിർദ്ദേശം):** സമരക്കാർ ഉറച്ചുനിൽക്കാൻ സർദാർ വല്ലഭ്ഭായ് പട്ടേൽ അവരെ പ്രോത്സാഹിപ്പിച്ചു. *"നിങ്ങളുടെ വണ്ടികൾ അഴിച്ചുമാറ്റി പല സ്ഥലങ്ങളിലായി സൂക്ഷിക്കുക"* എന്ന് അദ്ദേഹം നിർദ്ദേശിച്ചു.

  - **Gandhiji's Support:** Mahatma Gandhi visited Bardoli and gave strong moral support to the fasting and protesting peasants.

    **ഗാന്ധിജിയുടെ പിന്തുണ** : ഗാന്ധിജി ബർദോളി സന്ദർശിക്കുകയും സമരം ചെയ്യുന്ന കർഷകർക്ക് ശക്തമായ പിന്തുണ നൽകുകയും ചെയ്തു.

- **Success:** Peasants refused to pay tax despite their properties being seized. The government finally revoked the tax hike.

  **വിജയം:** സ്വത്തുക്കൾ കണ്ടുകെട്ടിയിട്ടും കർഷകർ നികുതി അടയ്ക്കാൻ വിസമ്മതിച്ചു. ഒടുവിൽ സർക്കാർ നികുതി വർദ്ധന പിൻവലിച്ചു.

### <u>5. Lahore Congress Session - 1929 (ലാഹോർ കോൺഗ്രസ് സമ്മേളനം - 1929)</u>

- **President:** Jawaharlal Nehru. **അധ്യക്ഷൻ:** ജവഹർലാൽ നെഹ്റു.

**Decisions (തീരുമാനങ്ങൾ):**

1. Demanded **Complete Independence (Poorna Swaraj)** for the first time. ആദ്യമായി **പൂർണ്ണ സ്വരാജ്** (പൂർണ്ണ സ്വാതന്ത്ര്യം) ആവശ്യപ്പെട്ടു.
2. Decided to launch a mass movement under Gandhiji's leadership. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഒരു ബഹുജന സമരം ആരംഭിക്കാൻ തീരുമാനിച്ചു.
3. Formally adopted the **Tricolour Flag**. **ത്രിവർണ്ണ പതാക** ഔദ്യോഗികമായി അംഗീകരിച്ചു.

### 6. Civil Disobedience & Dandi March - 1930 (സിവിൽ നിയമലംഘനവും ദണ്ഡി യാത്രയും)

- **The Salt Law:** Gandhiji chose to break the salt law because salt was a basic necessity for everyone.

  **ഉപ്പ് നിയമം:** ഉപ്പ് എല്ലാവർക്കും അത്യാവശ്യമായ ഒന്നായതിനാൽ ഉപ്പ് നിയമം ലംഘിക്കാൻ ഗാന്ധിജി തീരുമാനിച്ചു.

- **Dandi March:** On March 12, 1930, Gandhiji and 78 volunteers marched from Sabarmati to Dandi.

  **ദണ്ഡി യാത്ര:** 1930 മാർച്ച് 12-ന് ഗാന്ധിജിയും 78 അനുയായികളും സബർമതിയിൽ നിന്ന് ദണ്ഡിയിലേക്ക് പദയാത്ര നടത്തി.

- **Breaking the Law:** On **April 6, 1930**, Gandhiji made salt at Dandi beach, starting the Civil Disobedience Movement.

  **നിയമലംഘനം: 1930 ഏപ്രിൽ 6-ന്** ദണ്ഡി കടപ്പുറത്ത് വെച്ച് ഉപ്പ് കുറുക്കി അദ്ദേഹം സിവിൽ നിയമലംഘന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു.

- **Frontier Gandhi: Khan Abdul Ghaffar Khan** led the movement in Northwest India with his force, **Khudai Khidmatgar**.

  **അതിർത്തി ഗാന്ധി:** വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ **ഖാൻ അബ്ദുൽ ഗാഫർ ഖാനും** അദ്ദേഹത്തിന്റെ **ഖുദായ് ഖിദ്മത്ഗർ** എന്ന സേനയും സമരത്തിന് നേതൃത്വം നൽകി.

**Participation in Civil Disobedience Movement - സിവിൽ നിയമലംഘന പ്രസ്ഥാനത്തിലെ പങ്കാളിത്തം**

| Section (വിഭാഗം) | Method of Participation (പങ്കാളിത്ത രീതി) |
|---|---|
| **Peasants (കർഷകർ)** | Refused to pay taxes to the government and rent to the landlords. ഗവൺമെന്റിന് നികുതിയും ഭൂവുടമകൾക്ക് പാട്ടവും നൽകാൻ വിസമ്മതിച്ചു. |
| **Labourers (തൊഴിലാളികൾ)** | Conducted strikes in railways, ports, and mines. റെയിൽവേ, തുറമുഖം, ഖനികൾ എന്നിവിടങ്ങളിൽ പണിമുടക്ക് നടത്തി. |
| **Women (സ്ത്രീകൾ)** | Participated in salt making and picketing foreign shops. ഉപ്പ് കുറുക്കുന്നതിലും വിദേശ ഷോപ്പുകൾ ഉപരോധിക്കുന്നതിലും പങ്കെടുത്തു. |
| **Traders (വ്യാപാരികൾ)** | Refused to buy or sell imported products. ഇറക്കുമതി ചെയ്ത ഉൽപ്പന്നങ്ങൾ വാങ്ങാനോ വിൽക്കാനോ വിസമ്മതിച്ചു. |
| **Tribals (ഗോത്രവർഗ്ഗക്കാർ)** | Defied forest laws to collect forest resources. വനനിയമങ്ങൾ ലംഘിച്ച് വനവിഭവങ്ങൾ ശേഖരിച്ചു. |

## India's Freedom Struggle: The Final Stage (1930 - 1947) - ഇന്ത്യൻ സ്വാതന്ത്ര്യസമരം: അവസാന ഘട്ടം

### 1. Round Table Conferences & Gandhi-Irwin Pact (വട്ടമേശ സമ്മേളനങ്ങളും ഗാന്ധി-ഇർവിൻ ഉടമ്പടിയും)

- Following the Civil Disobedience Movement, the British held three Round Table Conferences in London to discuss power transfer.

  സിവിൽ നിയമലംഘന പ്രസ്ഥാനത്തെത്തുടർന്ന് അധികാരം കൈമാറുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ബ്രിട്ടീഷുകാർ ലണ്ടനിൽ മൂന്ന് വട്ടമേശ സമ്മേളനങ്ങൾ നടത്തി.

- **Gandhi-Irwin Pact (1931):** To ensure Congress participation in the 2nd Conference, this pact was signed. Gandhiji suspended the movement and attended the conference.

  **ഗാന്ധി-ഇർവിൻ ഉടമ്പടി (1931):** രണ്ടാം വട്ടമേശ സമ്മേളനത്തിൽ കോൺഗ്രസ് പങ്കാളിത്തം ഉറപ്പാക്കാൻ ഈ ഉടമ്പടി ഒപ്പിട്ടു. ഗാന്ധിജി സമരം നിർത്തിവെച്ച് സമ്മേളനത്തിൽ പങ്കെടുത്തു.

- **Failure:** The 2nd Conference failed to meet Indian demands, and the Congress boycotted the 3rd Conference.

  **പരാജയം:** രണ്ടാം സമ്മേളനം ഇന്ത്യൻ ആവശ്യങ്ങൾ അംഗീകരിച്ചില്ല, തുടർന്ന് കോൺഗ്രസ് മൂന്നാം സമ്മേളനം ബഹിഷ്കരിച്ചു.

### 2. The Path of Revolution (വിപ്ലവത്തിന്റെ പാത)

**Hindustan Socialist Republican Association (HSRA) - ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ**

**Background (പശ്ചാത്തലം)**

- **HRA (1924):** Initially, an organization named the **Hindustan Republican Association (HRA)** was formed in 1924.

  **HRA (1924):** തുടക്കത്തിൽ 1924-ൽ **ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ (HRA)** എന്ന പേരിൽ ഒരു വിപ്ലവ സംഘടന രൂപീകരിച്ചു.

- **Kakori Incident:** Some members attempted to rob railway funds at **Kakori** (UP) to finance their activities. This led to many arrests and a setback for the movement.

  **കാക്കോരി സംഭവം:** പ്രവർത്തനങ്ങൾക്കായി പണം കണ്ടെത്താൻ ഉത്തർപ്രദേശിലെ **കാക്കോരിയിൽ** വെച്ച് ഇവർ ട്രെയിൻ കൊള്ളയടിക്കാൻ ശ്രമിച്ചു. ഇത് നിരവധി അറസ്റ്റുകൾക്കും സംഘടനയ്ക്ക് താൽക്കാലിക തിരിച്ചടിക്കും കാരണമായി.

**Formation of HSRA - 1928 (HSRA രൂപീകരണം - 1928)**

- **Leadership:** The movement regained momentum under the leadership of **Bhagat Singh**. In 1928, he and his associates founded the **Hindustan Socialist Republican Association (HSRA)**.

  **നേതൃത്വം: ഭഗത് സിംഗിന്റെ** നേതൃത്വത്തിൽ ഈ പ്രസ്ഥാനം വീണ്ടും ശക്തമായി. 1928-ൽ അദ്ദേഹവും അനുയായികളും ചേർന്ന് **ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ (HSRA)** സ്ഥാപിച്ചു.

- **Ideology:** They were inspired by the **Russian Revolution** and adopted a revolutionary path instead of Gandhiji's non-violent approach.

  **ആശയങ്ങൾ: റഷ്യൻ വിപ്ലവത്തിൽ** നിന്ന് ആവേശമുൾക്കൊണ്ട ഇവർ ഗാന്ധിജിയുടെ അഹിംസാ പാതയ്ക്ക് പകരം വിപ്ലവത്തിന്റെ പാത സ്വീകരിച്ചു.

**HSRA-യുടെ നേതൃത്വത്തിൽ രണ്ട് പ്രധാന നടപടികളാണ് നടന്നത്:**

- **Avenging Lala Lajpat Rai:** They shot dead a police officer named **Saunders**. He had participated in the lathi charge that led to the death of Lala Lajpat Rai.

  **ലാൽ ലജ്പത് റായിക്ക് വേണ്ടിയുള്ള പ്രതികാരം:** ലാൽ ലജ്പത് റായിയുടെ മരണത്തിന് കാരണമായ ലാത്തിചാർജിൽ പങ്കെടുത്ത **സോണ്ടേഴ്സ്** എന്ന പോലീസ് ഓഫീസറെ ഇവർ വെടിവെച്ചുകൊന്നു.

- **Central Legislative Assembly Bombing:** A bomb was thrown into the **Central Legislative Assembly Hall** to protest against British repression.

  **സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലി ബോംബേറ്:** ബ്രിട്ടീഷ് അടിച്ചമർത്തലിൽ പ്രതിഷേധിക്കാൻ **സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലി ഹാളിൽ** ബോംബെറിഞ്ഞു.

**Execution of Leaders (നേതാക്കളുടെ വധശിക്ഷ)**

- Following these actions, **Bhagat Singh, Rajguru, and Sukhdev** were arrested and tried.

  ഈ സംഭവങ്ങളെത്തുടർന്ന് **ഭഗത് സിംഗ്, രാജ്ഗുരു, സുഖ്ദേവ്** എന്നിവരെ അറസ്റ്റ് ചെയ്യുകയും വിചാരണ ചെയ്യുകയും ചെയ്തു.

- They were executed on **March 23, 1931**.

  **1931 മാർച്ച് 23-ന്** ഇവരെ വധശിക്ഷയ്ക്ക് വിധേയമാക്കി.

**HSRA-യുടെ കാലഘട്ടത്തിൽ തന്നെ ബംഗാളിലും ശക്തമായ വിപ്ലവങ്ങൾ നടന്നു:**

- **Chittagong Armoury Raid:** Led by **Surya Sen**, revolutionaries shocked the government by looting the armoury.

  **ചിറ്റഗോങ് ആയുധപ്പുര ആക്രമണം: സൂര്യ സെന്നിന്റെ** നേതൃത്വത്തിൽ ആയുധപ്പുര കൊള്ളയടിച്ച സംഭവം ബ്രിട്ടീഷ് ഗവൺമെന്റിനെ ഞെട്ടിച്ചു.

- **Role of Women:** Women like **Pritilata Waddedar, Kalpana Dutt, and Bina Das** were prominent in these revolutionary activities.

  **സ്ത്രീകളുടെ പങ്ക്: പ്രീതിലത വദ്ദേദാർ, കൽപ്പന ദത്ത്, ബീനാ ദാസ്** തുടങ്ങിയ സ്ത്രീകൾ ഈ വിപ്ലവ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു.

### 3. Working Class and Peasant Movements (തൊഴിലാളി - കർഷക പ്രസ്ഥാനങ്ങൾ)

- **CSP (Congress Socialist Party):** Formed in 1934 by **Jayaprakash Narayan** and others to establish a socialist society and address the concerns of workers.

  **CSP:** തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കാനും 1934-ൽ **ജയപ്രകാശ് നാരായണന്റെ** നേതൃത്വത്തിൽ രൂപീകരിച്ചു.

- **Kisan Sabhas:** Farmers organized against excessive taxes and landlord exploitation. The **All India Kisan Sabha** was formed in 1936.

  **കിസാൻ സഭകൾ:** അമിത നികുതിക്കും ജന്മിമാരുടെ ചൂഷണത്തിനുമെതിരെ കർഷകർ സംഘടിച്ചു. 1936-ൽ അഖിലേന്ത്യാ കിസാൻ സഭ രൂപീകരിച്ചു.

- **AITUC:** The **All India Trade Union Congress** was the first national labour organization in India.

  **AITUC:** ഇന്ത്യയിലെ ആദ്യത്തെ ദേശീയ തൊഴിലാളി സംഘടനയായിരുന്നു അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്.

## 4. Quit India Movement - 1942 (ക്വിറ്റ് ഇന്ത്യ സമരം - 1942)

- **Launch:** Gandhiji started the movement on August 8, 1942, giving the slogan **"Do or Die"**. **തുടക്കം:** 1942 ഓഗസ്റ്റ് 8-ന് "**പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക**" എന്ന മുദ്രാവാക്യത്തോടെ ഗാന്ധിജി ഈ സമരം ആരംഭിച്ചു.
- **Underground Activities:** When leaders were arrested, **Aruna Asaf Ali and Jayaprakash Narayan** led the struggle from hiding, using secret **Congress Radio**. **രഹസ്യ പ്രവർത്തനങ്ങൾ:** നേതാക്കൾ അറസ്റ്റിലായപ്പോൾ **അരുണ ആസഫ് അലി, ജയപ്രകാശ് നാരായണൻ** തുടങ്ങിയവർ ഒളിവിൽ ഇരുന്ന് രഹസ്യ **കോൺഗ്രസ് റേഡിയോ** വഴി സമരം നയിച്ചു.
- **Parallel Governments:** Independent governments were established in **Ballia, Satara, and Tamluk**. **സമാന്തര സർക്കാരുകൾ:** ബല്ലിയ, സതാര, തംലൂക്ക് എന്നിവിടങ്ങളിൽ സ്വതന്ത്ര സർക്കാരുകൾ രൂപീകരിച്ചു.

### Ballia - ബല്ലിയ

- **Location :** Uttar Pradesh (ഉത്തർപ്രദേശ്).
- **Leader : Chittu Pandey** (ചിത്തു പാണ്ഡെ).
- **Details:** Here, a parallel government was established under the leadership of Chittu Pandey. ഇവിടെ ചിത്തു പാണ്ഡെയുടെ നേതൃത്വത്തിലാണ് സമാന്തര സർക്കാർ സ്ഥാപിതമായത്.

### Satara സതാര

- **Location :** Maharashtra (മഹാരാഷ്ട്ര).
- **Leader : Nana Patil** (നാനാ പാട്ടീൽ).

OXFORD

- **Details:** The parallel government formed under Nana Patil lasted until 1945. നാനാ പാട്ടീലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഈ സമാന്തര സർക്കാർ 1945 വരെ നീണ്ടുനിന്നു.

**Tamluk തംലൂക്ക്**

- **Location :** Bengal
- **Details:** This parallel government lasted for a year and was very effective in its operations. ബംഗാളിലെ തംലൂക്കിലെ സമാന്തര സർക്കാർ ഒരു വർഷത്തോളം നീണ്ടുനിന്നു. ഇത് വളരെ ഫലപ്രദമായാണ് പ്രവർത്തിച്ചിരുന്നത്.

## 5. Subhas Chandra Bose and the INA (സുഭാഷ് ചന്ദ്രബോസും ഐ.എൻ.എയും)

- **Forward Bloc:** Bose formed this party after resigning from the Congress. **ഫോർവേഡ് ബ്ലോക്ക്:** കോൺഗ്രസിൽ നിന്ന് രാജിവെച്ച ശേഷം ബോസ് ഈ പാർട്ടി രൂപീകരിച്ചു.
- **INA (Indian National Army):** He took leadership of the INA in Singapore and gave the call **"Delhi Chalo"**. **ഐ.എൻ.എ:** സിംഗപ്പൂരിൽ വെച്ച് ഐ.എൻ.എയുടെ നേതൃത്വം ഏറ്റെടുക്കുകയും "**ദൽഹി ചലോ**" എന്ന ആഹ്വാനം നൽകുകയും ചെയ്തു.
- **INA Trial:** The trial of INA soldiers at the Red Fort (Delhi) united Indians against the British. **ഐ.എൻ.എ വിചാരണ:** ഡൽഹി ചെങ്കോട്ടയിൽ നടന്ന ഐ.എൻ.എ സൈനികരുടെ വിചാരണ ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യക്കാരെ ഒന്നിപ്പിച്ചു.

## 6. Final Journey to Freedom (സ്വാതന്ത്ര്യത്തിലേക്കുള്ള അവസാന പാത)

- **Wavell Proposals:** The Viceroy, Lord Wavell, put forward certain proposals to discuss power transfer with Indian leaders. **വേവൽ നിർദ്ദേശങ്ങൾ:** അധികാര കൈമാറ്റത്തെക്കുറിച്ച് ചർച്ച ചെയ്യാൻ അന്നത്തെ വൈസ്രോയി ലോർഡ് വേവൽ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചു.
- **Simla Conference (June 1945):** A conference was held in Simla to discuss these proposals, but it ended without a resolution due to differences of opinion. **ഷിംല സമ്മേളനം (1945 ജൂൺ):** ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്യാൻ ഷിംലയിൽ സമ്മേളനം നടന്നുവെങ്കിലും ഒരു തീരുമാനവുമില്ലാതെ അത് അവസാനിച്ചു.

### Cabinet Mission ക്യാബിനറ്റ് മിഷൻ - 1946:

- In March 1946, a mission consisting of three British Cabinet members reached India: **Stafford Cripps, Pethick Lawrence, and A.V. Alexander.** 1946 മാർച്ചിൽ മൂന്ന് ബ്രിട്ടീഷ് ക്യാബിനറ്റ് അംഗങ്ങൾ ഇന്ത്യയിലെത്തി: **സ്റ്റാഫോർഡ് ക്രിപ്സ്, പെതിക് ലോറൻസ്, എ.വി. അലക്സാണ്ടർ.**

  **Key Proposals (പ്രധാന നിർദ്ദേശങ്ങൾ):**

1. **Interim Government:** Formation of an interim government until the complete transfer of power. **ഇടക്കാല സർക്കാർ:** പൂർണ്ണമായ അധികാര കൈമാറ്റം വരെ ഒരു ഇടക്കാല സർക്കാർ രൂപീകരിക്കുക.
2. **Constituent Assembly:** Establishment of a Constituent Assembly to draft a constitution for India. **ഭരണഘടനാ അസംബ്ലി:** ഇന്ത്യയ്ക്കായി ഒരു ഭരണഘടന തയ്യാറാക്കാൻ ഭരണഘടനാ അസംബ്ലി രൂപീകരിക്കുക.

### Mountbatten Plan - മൗണ്ട് ബാറ്റൺ പദ്ധതി - 1947

- **The Last Viceroy:** Lord Mountbatten was the last Viceroy of India. He put forward his plan on **June 3, 1947**. **അവസാന വൈസ്രോയി:** ഇന്ത്യയുടെ അവസാന വൈസ്രോയി ലോർഡ് മൗണ്ട് ബാറ്റൺ ആയിരുന്നു. 1947 ജൂൺ 3-നാണ് അദ്ദേഹം തന്റെ പദ്ധതി അവതരിപ്പിച്ചത്.
- **Partition :** The plan proposed partitioning British India into two independent nations: **India and Pakistan**. **വിഭജനം:** ബ്രിട്ടീഷ് ഇന്ത്യയെ **ഇന്ത്യയെന്നും പാകിസ്ഥാനെന്നും** രണ്ട് സ്വതന്ത്ര രാജ്യങ്ങളായി വിഭജിക്കണമെന്ന് ഈ പദ്ധതി നിർദ്ദേശിച്ചു.

### Indian Independence Act- ഇന്ത്യൻ സ്വാതന്ത്ര്യ നിയമം - 1947

- **Approval:** Based on the Mountbatten Plan, the British Parliament passed the Indian Independence Act. **അംഗീകാരം:** മൗണ്ട് ബാറ്റൺ പദ്ധതിയുടെ അടിസ്ഥാനത്തിൽ ബ്രിട്ടീഷ് പാർലമെന്റ് ഇന്ത്യൻ സ്വാതന്ത്ര്യ നിയമം പാസാക്കി.
- **Independence (August 15, 1947):** India officially gained independence. **സ്വാതന്ത്ര്യം (1947 ഓഗസ്റ്റ് 15):** ഇന്ത്യ ഔദ്യോഗികമായി സ്വാതന്ത്ര്യം നേടി.
- **First Prime Minister: Jawaharlal Nehru** became the first Prime Minister of independent India. **ആദ്യ പ്രധാനമന്ത്രി:** സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായി **ജവഹർലാൽ നെഹ്റു** ചുമതലയേറ്റു.

OXFORD